പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3757** — **19.03.2018-ൽ മറുപടിയ്ക്ക്**

## പെരിന്തൽമണ്ണ നിയോജക മണ്ഡലത്തിലെ കാളിക്കടവ് പാലം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.മഞ്ഞളാംകുഴി അലി** | **ശ്രീ.ജി.സുധാകരൻ** (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| **(എ)** പെരിന്തൽമണ്ണ നിയോജക മണ്ഡലത്തിലെ ളുതപ്പുഴയ്ക്ക് കുറുകെ കാളിക്കടവ് പാലം നിർമ്മാണത്തിന് 03.03.2016 ൽ നബാർഡ് RIDF-XXII പദ്ധതിയിൽ ഉൾപ്പെടുത്തി സ.ഉ. (സാധാ) നം.546/2016/പൊ.മ.വ. പ്രകാരം തത്വത്തിൽ ഭരണാനുമതി നൽകി ഉത്തരവായതിനെത്തുടർന്ന് പ്രവൃത്തി ആരംഭിക്കുന്നതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്;വിശദമാക്കുമോ; | **(എ) & (ബി) & (സി)** പെരിന്തൽമണ്ണ നിയോജക മണ്ഡലത്തിലെ ളുതപ്പുഴയ്ക്ക് കുറുകെ കാളിക്കടവ് പാലം നിർമ്മാണത്തിന് നബാർഡ് RIDF-XXII പദ്ധതിയിൽ ഉൾപ്പെടുത്തി സ.ഉ.(സാധാ) നം.546/2016/പൊ.മ.വ. തീയതി 03/03/2016 പ്രകാരം തത്വത്തിൽ ഭരണാനുമതി നൽകിയിരുന്നുവെങ്കിലും പ്രവൃത്തികൾക്ക് അന്തിമ ഭരണാനുമതി നൽകിയ സ.ഉ. (സാധ)നം.1608/2016/പൊ.മ.വ. തീയതി 23/11/2016, സ.ഉ.(സാധാ)നം. 1767/2016/ പൊ.മ.വ. തീയതി 29/12/2016 എന്നീ ഉത്തരവുകളിൽ ഈ പ്രവൃത്തി ഉൾപ്പെട്ടിരുന്നില്ല എന്നതിനാൽ വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല. |
| **(ബി)** ഈ പ്രവൃത്തിയുടെ വിശദമായ പദ്ധതി റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ നാളിതുവരെയായിട്ടും പദ്ധതി റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കാത്തതിന് ഉത്തരവാദികളായ ഉദ്യോഗസ്ഥർ ആരൊക്കെയെന്ന് പരിശോധിച്ചിട്ടുണ്ടോ; | |
| **(സി)** പ്രസ്തുത പ്രവൃത്തിയുടെ വിശദമായ പദ്ധതി റിപ്പോർട്ട് അടിയന്തിരമായി ലഭ്യമാക്കി പ്രവൃത്തി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ? | |

സെക്ഷൻ ഓഫീസർ